# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 547 — 27.02.2018- ൽ മറുപടിയ്ക്ക്

## സഹകരണ കോൺഗ്രസ്സ്

**ചോദ്യം**

**ശ്രീ. കെ.വി. വിജയദാസ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) 2018-ലെ സഹകരണ കോൺഗ്രസ്സിൽ എടുത്ത തീരുമാനങ്ങളുടെ വിശദവിവരം നൽകുമോ; | (എ) 2018 ലെ സഹകരണ കോൺഗ്രസ്സിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സഹകരണ നയത്തിന്റെ കരട് അംഗീകരിച്ചു.<br>2.സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ട് ആയതിന് സഹകാരികൾ പ്രതിജ്ഞ എടുത്തു.<br>3.നിലവിൽ 5 വർഷം കൂടുമ്പോൾ നടത്തിവരുന്ന സഹകരണ കോൺഗ്രസ്സ് 3 വർഷം കൂടുമ്പോൾ നടത്തുന്നതിന് തീരുമാനിച്ചു.<br>4.സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് വിവിധ തലങ്ങളിലുള്ള സെമിനാറുകൾ നടത്തി. വനിതാ സഹകരണ സംഘങ്ങളുടെ വൈവിധ്യവൽക്കരണവും തൊഴിൽ വികസനവും, ക്ഷീര സംഘങ്ങളുടെ ശാക്തീകരണം, കാർഷിക മേഖലയിലെ പുരോഗതി, സഹകരണ മേഖലയിലുള്ള ടൂറിസം വികസനം, പട്ടികജാതി/പട്ടികവർഗ്ഗങ്ങളുടെ ശാക്തീകരണവും തൊഴിൽ വികസനവും മത്സ്യ സഹകരണ സംഘങ്ങളുടെ വികസന സാധ്യതകൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനും യുവജന പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി കോളേജുകളിൽ സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള തീരുമാനങ്ങളും |

| | | | |
|---|---|---|---|
| | | | കൈക്കൊണ്ടു.<br>5.ഭിന്നലിംഗ വിഭാഗത്തിന് പ്രത്യേക പരിഗണനയ്ക്കായി സഹകരണ സ്ഥാപനം രൂപീകരിക്കുന്നതിന് തീരുമാനിച്ചു. |
| (ബി) | പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ? | (ബി) | ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് അന്തിമമായി തീരുമാനിക്കപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**